classified2026 Aug 22:classified2026 Aug 22.qxd 8/21/2026 11:15 PM Page 1

● സംവരണപ്പട്ടിക പുതുക്കൽ

സംസ്ഥാന സർക്കാരിനെ വിമർശിച്ച് ഹൈക്കോടതി

● പതിനാറു വർഷം കഴിഞ്ഞിട്ടും തീരുമാനമില്ല



കൊച്ചി: സംവരണപ്പട്ടിക കാലോചിതമായി പുതുക്കുന്നതുമായി ബന്ധപ്പെട്ട ഹർജിയിൽ സത്യവാങ്മൂലം സമർപ്പിക്കാത്ത സംസ്ഥാന സർക്കാരിനെ വിമർശിച്ച് ഹൈക്കോടതി.

കേന്ദ്ര സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചെങ്കിലും സംസ്ഥാന സർക്കാറിന്റെ ഭാഗത്ത് നിന്ന് നടപടിയുണ്ടാകാത്ത സാഹചര്യത്തിലാണ് ചീഫ് ജസ്റ്റിസ് സൗമെൻ സെൻ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻബെഞ്ചിന്റെ വിമർശനമുണ്ടായത്. പിന്നോക്ക വിഭാഗങ്ങളിലെ അർഹരായ വർക്ക് മുഴുവൻ സംവരണ ആനുകൂല്യം ലഭിക്കും വിധം സംവരണപ്പട്ടിക പുതുക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ

സാമൂഹിക, സാമ്പത്തിക സർവേ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കണമെന്ന 2010ലെ ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഈ ഉത്തരവ് നടപ്പാക്കാത്തതിനെതിരേ മൈനോറിറ്റി ഇന്ത്യൻസ് പ്ലാനിങ് ആൻഡ് വിജിലൻസ് കമ്മിഷൻ ട്രസ്റ്റ് സമർപ്പിച്ച കോടതിയലക്ഷ്യ ഹർജിയാണ് കോടതിയുടെ പരിഗണനയിലുള്ളത്. സെപ്റ്റംബർ എട്ടിനകം സത്യവാങ്മൂലം സമർപ്പിക്കണമെന്ന് സംസ്ഥാന പിന്നാക്ക വികസന ഡയറക്ടർക്കും പിന്നാക്ക വിഭാഗ കമ്മിഷൻ സെക്രട്ടറിക്കും കോടതി നിർദേശം നൽകി. ആറ് മാസത്തിനകം ചട്ടത്തിലെ 11–ാം വകുപ്പടക്കം പരിഗണിച്ച് സർവേ നടത്തി സംവരണ പട്ടിക പുതുക്കൽ നടപടികൾ പൂർത്തിയാക്കാനായിരുന്നു 2020ലെ ഹൈക്കോടതി ഉത്തരവ്. കേന്ദ്ര, സംസ്ഥാന സർക്കാറുകൾക്കായിരുന്നു നിർദേശം. എന്നാൽ, 2021 ലെ 105–ാം ഭരണഘടന ഭേദഗതിക്ക് മുമ്പായിരുന്നു ഹൈക്കോടതി ഉത്തരവുണ്ടായതെന്നും ഭേദഗതിക്ക് ശേഷം സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവരുടെ പട്ടിക തയാറാക്കാനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണെന്നും ചൂണ്ടിക്കാട്ടിയാണ് കേന്ദ്ര സർക്കാർ സത്യവാങ്മൂലം നൽകിയിരിക്കുന്നത്.2017ലെ കോടതി നിർദേശപ്രകാരം 2011–ലെ സാമൂഹിക–സാമ്പത്തിക–ജാതി സെൻസസിന്റെ ഭാഗമായി ശേഖരിച്ച വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ ചെയർമാന് 2023 മേയ് 23ന് കൈമാറിയതായി കേന്ദ്രത്തിന്റെ സത്യവാങ്മൂലത്തിൽ പറയുന്നു.

ഹർജിയിലെ ആവശ്യവുമായി ബന്ധപ്പെട്ട വിവരങ്ങളായതിനാൽ കേന്ദ്ര സത്യവാങ്മൂലത്തിലെ ഇക്കാര്യങ്ങൾ കൂടി പരിഗണിച്ചു വേണം സത്യവാങ്മൂലം സമർപ്പിക്കേണ്ടതെന്ന് സംസ്ഥാന സർക്കാരിന് കോടതി നിർദേശം നൽകി. തുടർന്ന് ഹർജി സെപ്റ്റംബർ 11ന് പരിഗണിക്കാൻ മാറ്റി.

● പ്രായപൂർത്തിയാകാത്ത പ്രതി ജുവനൈൽ ഹോമിൽ

വിദ്യാർഥിയുടെ വൃഷണം തകർത്ത സംഭവം: സഹപാഠികൾ റിമാൻഡിൽ

തൊടുപുഴ: വിദ്യാർഥിയെ ക്രൂരമായി മർദിച്ച് ജനനേന്ദ്രിയത്തിന് ഗുരുതരമായി പരുക്കേൽപ്പിക്കുകയും വലതു വൃഷണം നീക്കം ചെയ്യേണ്ടിവരികയും ചെയ്ത കേസിൽ രണ്ടു സഹപാഠികൾ അറസ്റ്റിൽ.

എറണാകുളം പിറവം കല്ലുമാരി സ്വദേശി അക്ഷയ് സജു (18), അമ്പലവയൽ നെച്ചിക്കാട്ടുകുഴി സ്വദേശി ഗൗതം കൃഷ്ണ (18) എന്നിവരെയാണു തൊടുപുഴ പോലീസ് അറസ്റ്റ് ചെയ്തത്.

ഇരുവരെയും 14 ദിവസത്തേക്ക് റിമാൻഡ് ചെയ്ത് കാക്കനാട് ബോർസ്റ്റൽ സ്കൂളിലേക്ക് മാറ്റി. കേസിലെ പ്രായപൂർത്തിയാകാത്ത പ്രതിയെ കോട്ടയം തിരുവഞ്ചൂരിലെ ജുവനൈൽ ഹോമിലേക്കും മാറ്റി. നേരത്തെ കസ്റ്റഡിയിലെടുത്ത് ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കിയ ഇയാളെ അന്ന് മാതാപിതാക്കൾക്കൊപ്പം വിട്ടയച്ചിരുന്നു. വെള്ളിയാഴ്ച വീണ്ടും ബോർഡിനു മുന്നിൽ ഹാജരാക്കിയപ്പോഴാണ് ജുവനൈൽ ഹോമിലേക്ക് മാറ്റാൻ ഉത്തരവിട്ടത്. കേസിന്റെ ഗൗരവവും പ്രതിയുടെ ക്രൂരമായ പെരുമാറ്റവും പരിഗണിച്ചാണ് നടപടിയെന്നു പോലീസ് വ്യക്തമാക്കി. തൊടുപുഴ ഗ്രാൻഡിസ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡിൽ പഠിക്കുന്ന അണക്കര സ്വദേശിയായ വിദ്യാർഥിയെയാണ് കഴിഞ്ഞ 10ന് മൂവരും ചേർന്ന് ആക്രമിച്ചത്. മർദനത്തിൽ വിദ്യാർഥിയുടെ വലത് വൃഷണത്തിനു ഗുരുതരമായി പരുക്കേറ്റതിനെ തുടർന്ന് ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യേണ്ടിവന്നു. സംഭവത്തിനു പിന്നാലെ പ്രായപൂർത്തിയാകാത്ത പ്രതി പരുക്കേറ്റ വിദ്യാർഥിക്ക് ഇൻസ്റ്റഗ്രാമിലൂടെ സന്ദേശമയച്ചതായും പോലീസ് പറഞ്ഞു. സംഭവത്തെ പരിഹസിക്കുന്നതും വെല്ലുവിളിക്കുന്നതുമായ സന്ദേശമായിരുന്നെന്ന ആരോപണവും പോലീസ് പരിശോധിച്ചു. അക്ഷയ് സജുവിനും ഗൗതം കൃഷ്ണയ്ക്കുമെതിരേ തുടക്കത്തിൽ പോലീസ് കേസെടുത്തിരുന്നില്ല. എന്നാൽ ഇരുവരുടെയും പേരുകൾ വിദ്യാർഥി നൽകിയ പരാതിയിലുണ്ടായിരുന്നു.

ഇതിനിടെ എസ്.എഫ്.ഐയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് മാർച്ച് നടത്തി. സംഭവം മാധ്യമശ്രദ്ധ നേടിയതോടെയാണ് പോലീസ് അന്വേഷണം കൂടുതൽ സജീവമാക്കിയത്. പ്രായപൂർത്തിയാകാത്ത പ്രതി വിദ്യാർഥിയുടെ വൃഷണഭാഗത്ത് മർദിക്കുന്നത് കണ്ടതായി അക്ഷയും ഗൗതമും പോലീസിനു മൊഴി നൽകിയിരുന്നു. എന്നാൽ അന്വേഷണത്തിനിടെ ഇവരും ആക്രമണത്തിൽ പങ്കാളികളായിരുന്നുവെന്ന് വ്യക്തമായതോടെയാണ് ഇവരെ പ്രതികളാക്കി അറസ്റ്റ് ചെയ്തതെന്നു തൊടുപുഴ ഡിവൈ.എസ്.പി. സജി മാർക്കോസ് പറഞ്ഞു.

വാനിൽനിന്ന് ഇരുമ്പ് പൈപ്പുകൾ വീണ് ബൈക്ക് യാത്രികന് ദാരുണാന്ത്യം

കുട്ടനെല്ലൂർ(തൃശൂർ): അനാസ്ഥയുടെ ഇരയായി യുവാവ്. വാനിൽ കയറ്റിക്കൊണ്ടു പോയ ഇരുമ്പ് പൈപ്പുകൾ ദേഹത്തുവീണ് ബൈക്ക് യാത്രികന് ദാരുണാന്ത്യം.


ദേശീയപാതയിൽ ഹൈലൈറ്റ് മാളിനു സമീപമാണ് പിക്കപ്പ് വാനിനു മുകളിൽ കെട്ടിവച്ചു കൊണ്ടുപോയിരുന്ന ഇരുമ്പ് പൈപ്പുകൾ ദേഹത്തു വീണ് കുട്ടനെല്ലൂർ സ്വദേശി ഷെറിൻ ജോൺ(35) മരിച്ചത്. ഇന്നലെ രാവിലെയായിരുന്നു അപകടമുണ്ടായത്. തൃശൂർ ഭാഗത്തുനിന്നു കുട്ടനെല്ലൂർ പവർ ബ്രിഡ്ജ് ഭാഗത്തേക്കു പോയിരുന്ന ബൈക്ക് യാത്രികന്റെ ദേഹത്തേക്കാണ് വാൻ ബ്രേക്കിട്ടതിനെത്തുടർന്ന് ഇരുമ്പ് പൈപ്പുകൾ വീണത്. ഉടനെ നാട്ടുകാർ യുവാവിനെ ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. പോലീസും ഫയർഫോഴ്സും സ്ഥലത്തെത്തിയിരുന്നു. വാഹനങ്ങളിൽ പൈപ്പുകളും മറ്റും കൊണ്ടുപോകുന്നതിന് കർശന നിയന്ത്രണമുണ്ടെങ്കിലും അധികൃതർ യാതൊരു പരിശോധനയും നടത്താറില്ല. ഇത്തരം അപകടങ്ങൾ സാധാരണയായിട്ടും നടപടികളുണ്ടാകാത്തതാണ് ആവർത്തിക്കാനിടയാക്കുന്നത്.



ഡി.ജി.പി. ശ്രീജിത്തിനെതിരേ വിജിലൻസ് അന്വേഷണം വേണം: വീണ്ടും ഹർജി

കൊച്ചി: ഡി.ജി.പി. എസ്. ശ്രീജിത്തിനെതിരേ വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥൻ ദിപിൻ എടവന വീണ്ടും ഹൈക്കോടതിയിൽ ഹർജി നൽകി.

ഹർജി പരിഗണിച്ച ജസ്റ്റിസ് എ. ബദറുദ്ദീൻ ആഭ്യന്തര വകുപ്പ് അടക്കം എതിർകക്ഷികളോട് വിശദീകരണം തേടി. അഴിമതിയും ബിനാമി ഇടപാടുകളും കള്ളപ്പണം വെളുപ്പിക്കലുമടക്കം ആരോപണങ്ങൾ ഉന്നയിച്ചാണ് ഹർജി. വരവിൽ കവിഞ്ഞ സ്വത്തിന് ഉടമയായ ശ്രീജിത്തിനെതിരേ അന്വേഷണം അനിവാര്യമാണെന്ന് ഹർജിയിൽ പറയുന്നു. ട്രാൻസ്പോർട്ട് കമ്മിഷണറായിരിക്കെ അഴിമതി നടത്തുകയും കീഴുദ്യോഗസ്ഥരെ ഇരയാക്കുകയും ചെയ്തു. വിദേശത്ത് ബിനാമി പേരിൽ നടത്തുന്ന സ്പായുടെ ഉദ്ഘാടനത്തിനാണ് അനുമതിയില്ലാതെ ഔദ്യോഗിക വേഷത്തിൽ പങ്കെടുത്തത്. ഡി.ജി.പിക്കെതിരേ വിജിലൻസ് അന്വേഷണം ആവശ്യമില്ലെന്ന് ആഭ്യന്തര അഡീ. ചീഫ് സെക്രട്ടറി ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയത് ബന്ധപ്പെട്ട വസ്തുതകളൊന്നും പരിഗണിക്കാതെയാണെന്നും ഹർജിയിൽ പറയുന്നു.



എസ്. ശ്രീജിത്ത്

MANAPPURAM FINANCE LTD.
CIN: L65910KL1992PLC006623,
Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/09/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

ഞങ്ങളുടെ പട്ടിക ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ.....

കണ്ണൂർ, ഇരിട്ടി, 0100670820000204, കണ്ണൂർ തലശ്ശേരി റോഡ്, 0100110811602081, കുത്തുപറമ്പ്, 0104690720000325, 1297, 1301, 0316, 0318, 0331, മട്ടന്നൂർ, 0104640810740636, തളാപ്, 0100590810757145, വളപട്ടണം, 0104520710724133, 4196, 0215, 0217, കാസർകോട്, ഹനാഫി ബസാർ ഉപള, 0104430810760845, കാഞ്ഞങ്ങാട്, 0100120820000199, 0208, നീലേശ്വരം, 0100570810782133, 2355, തൃക്കരിപ്പൂർ, 0111810720000180, 0182, ഉളിയത്തടുക്ക, 0105720820000202, 0203,

മേൽപറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിപറയുന്നവ പാലിക്കേതാണ്: - താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അതേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/- (വിജയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

MANAPPURAM FINANCE LTD.
CIN: L65910KL1992PLC006623,
Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/09/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

ഞങ്ങളുടെ പട്ടിക ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ.....

കോഴിക്കോട്, അവിനാഷ്ലിംഗം റോഡ്, കോഴിക്കോട്, 0103550810034530, ഈസ്റ്റ് നടക്കാവ്, 0114180810039883, കക്കോടി, 0105420810765614, കാട്ടങ്ങൽ, 0106030710062285, 2002, കൊയിലാണ്ടി, 0100150810745766, കോഴിക്കോട് ബൈപ്പാസ്, 0100050811922461, മാത്തോട്ടം, 0106220810032534, മീഞ്ചന്ത, 0103770820000066, മുക്കം, 0105470710745915, 5920, പന്തീരങ്കാവ്, 0106270720000073, മലപ്പുറം, ചെമ്മാട്, 0105330810051025, ചുങ്കത്തറ, 0106180810030726, കരുവാൻകല്ല്, 0132810810016766, കുറ്റിപ്പുറം, 0101970710762667, വളാഞ്ചേരി, 0130270810016974, വയനാട്, കമ്പളക്കാട്, 0129970820000105, സുൽത്താൻബത്തേരി, 0102910720000420,

മേൽപറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിപറയുന്നവ പാലിക്കേതാണ്: - താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അതേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/- (വിജയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

നഷ്ടപ്പെട്ടു

KL 65 3848 എന്ന വാഹനത്തിന്റെ ഉടമസ്ഥനായ പ്രദീപ് s/o തമ്പി കാട്ടിക്കോലോത്ത് ഹൗസ് ചെട്ടിപ്പടി പി ഒ പരപ്പനങ്ങാടി മലപ്പുറം ജില്ല, പിൻ 676319 എന്നയാൾ ഒരു ഡ്യൂപ്ലിക്കേറ്റി നായി ഈ ഓഫീസിൽ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വാഹനത്തിന്റെഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം തിരുരങ്ങാടി ആർ ടി ഒയെ രേഖമൂലം അറിയിക്കേണ്ടതാണ്.

എന്ന് തിരുരങ്ങാടി ആർ ടി ഒ

ടെണ്ടർ

കൊണ്ടോട്ടി അഡീഷണൽ ഐസിഡിഎസിന് കീഴിൽ പള്ളിക്കൽ,ചെറുകാവ്,ചേലേമ്പ്ര പഞ്ചായത്തുകളിലെ അങ്കണവാടികളിലേക്ക് പാൽ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഫോം വിതരണം ചെയ്യുന്ന അവസാന തീയതി 31/08/2026 12 pm. ഫോൺ നമ്പർ: 0483 2792260.

946/F3/2026/I&PRD

നോട്ടീസ്

കണ്ണൂർ ജില്ല, തളിപ്പറമ്പ താലൂക്ക്, ഏരുവേശ്ശി വില്ലേജിൽ, അരങ്ങ് പി.ഒ യിൽ, പിൻ 670582 കോറോത്ത് ഹൗസിൽ താമസിക്കും ജോസഫ് എന്നവരുടെ മകൻ പോൾ ജോസഫ് എന്നവരുടെ ഏരുവേശ്ശി വില്ലേജിൽ നി.സ 8/522 ൽ പെട്ട 10.12 ആർ (0.10 ഹെക്ടർ) വസ്തുവിന്റെ അടിയാധാരങ്ങളായ ശ്രീകണ്ഠാപുരം സ.റ യിലെ 1195/1993, 783/1986 എന്നീ നമ്പറുകളുള്ള ഒറിജിനൽ ആധാരങ്ങൽ അരങ്ങ് നിന്നും കുടിയാൻമലയിലേക്കുള്ള യാത്രമദ്ധ്യേ നഷ്ടപ്പെട്ടു പോയിരിക്കുന്നു. പാൾ ജോസഫ് എന്നയാൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെമ്പേരി ശാഖയിൽ നിന്നും മേൽ വസ്തു ഈടാക്കി വായ്പ എടുക്കേണ്ട ആവശ്യത്തിലേക്കായി ആയതിന്റെ സർട്ടിഫൈഡ് കോപ്പി സമർപ്പിച്ചിട്ടുണ്ട്. മേൽ ഈടിന്മേൽ വായ്പ കൊടുക്കുന്നതിൽ ആർക്കെങ്കിലും വല്ല ആക്ഷേപവും, എതിർപ്പും ഉണ്ടെങ്കിൽ 7 ദിവസത്തിനുള്ളിൽ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്.

ചീഫ് മാനേജർ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ചെമ്പേരി ശാഖ, ചെമ്പേരി പി.ഒ
Pin 670632.

KALADY GRAMAPANCHAYATH SERVICE CO-OPERATIVE BANK LTD. No. M-783
PO KADANCHERY PARAPPURAM MALAPPURAM DT, PIN 679 582. PH: 0494 2686044, 9605002232
kaladiscb783@gmail.com

ക്വട്ടേഷൻ ക്ഷണിക്കുന്നു

കാലടി ഗ്രാമപഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 783ന് കണ്ടനകം എന്ന സ്ഥലത്ത് ബ്രാഞ്ച് തുടങ്ങുന്നതിന് അനുയോജ്യമായ വാടക ബിൽഡിങ്ങിന് വേണ്ടി ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 05/09/2026ന് മുമ്പായി ബാങ്കിൽ ലഭിക്കേണ്ടതാണ്.

ഭരണസമിതിക്കു വേണ്ടി, സെക്രട്ടറി

കോഴിക്കോട് ഡിസ്ട്രിക്ട് കോടതി (I-A) മുമ്പാകെ
G (OP) 49/26
ഷിന്റി മോൾ സിറിയക്ക്.
..... ഹർജിക്കാരി
മെറിന മുതൽ പേർ
..... എതിർകക്ഷികൾ

മരണപ്പെട്ടുപോയ കെ.എ.ജോർജു കുട്ടി എന്നവർക്ക് അവകാശപ്പെട്ടിരുന്ന വടകര താലൂക്ക് നരിപ്പറ്റ അംശം തിനയൂർ ദേശത്ത് 159/1A1യിൽ പെട്ട 14.40 സെന്റ് വസ്തുവും അതിലുള്ള വീടും ജോർജുകുട്ടിയുടെ അനന്തരാവകാശികളായ ഭാര്യ ഷിന്റി മോൾ സിറിയക്ക് എന്നവർക്കും മൈനർ മാരായ മക്കൾ, മെൽന, മെവിൻ എന്നിവർക്കും കൂടി അവകാശപ്പെട വഹകൾ വയലിൽ ഗ്രേസി എന്നിവർക്ക് വിൽക്കുവാൻ അനുവാദം ചോദിച്ചുകൊണ്ട് ബോധിപ്പിച്ച ഹരജിയിൽ മൈനർമാരുടെ രക്ഷിതാവായി ഷിന്റി മോൾ സിറിയക്ക് എന്നവരെ രക്ഷിതാവായി നിശ്ചയിച്ചു കിട്ടുവാൻ ബോധിപ്പിച്ച ഹരജിയിൽ വല്ലവർക്കും ആക്ഷേപമുണ്ടെങ്കിൽ ആയത് 2026 സെപ്റ്റംബർ മുന്നാം തീയതി 11 മണിക്ക് കോടതിയിൽ ഹാജരായി തെളിവ് കൊടുക്കണം എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. എന്ന്,
ഹരജിക്കാരി ഭാഗം അഡ്വക്കേറ്റ്.
എം. ജി. അശോകൻ (ഒപ്പ്).

നോട്ടീസ്

മാർച്ച് 1988 വർഷത്തെ 285069 എന്ന രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്. എസ്.എൽ.സി ബുക്ക് തിരിച്ചുകിട്ടാത്ത വിധം നഷ്ടപ്പെട്ടിരിക്കുന്നു. ആയതിനാൽ ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കാനായി പരിക്ഷ സെക്രട്ടറിക്ക് അപേക്ഷ നൽകാൻ തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക്ക് എക്സാമിനേഷൻ, പരീക്ഷ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ �രേഖ മൂലം പരാതി നൽകേണ്ടതാണ്. എന്ന്,
SIVAN .K.T.K,
Panakulam Kuniyil (house)
Rayarangoth (p o)
Madappally, Kozhikode (Dt)

നഷ്ടപ്പെട്ടു

2024 മാർച്ച് വർഷത്തെ 280798 രജിസ്ട്രർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധം കൈമോശം വന്നിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപം ഉള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക്ക് എക്സാമിനേഷൻ,പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാ മൂലം പരാതി നൽകേണ്ടതാണ്. എന്ന്
NIHAN NOUFAL,
MANNANKANDI
CHEEKKONNU PO,
KAKKATTIL VIA, 673507,
KOZHIKODE DT

നഴ്സിംഗ് സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു

ബാംഗ്ലൂരിലെ കെ.എൻ.എൻ. സ്കൂൾ ഓഫ് നഴ്സിംഗിൽ നിന്ന് (2009 സെപ്റ്റംബർ മുതൽ 2013 ഫെബ്രുവരി വരെ) 'ജനറൽ നഴ്സിംഗ് ആൻഡ് മിഡ്വൈഫറി' ഡിപ്ലോമ കോഴ്സ്) (2013 ഫെബ്രുവരിയിൽ കർണാടക സർക്കാർ നടത്തിയ പരീക്ഷയിൽ വിജയിക്കുകയും ചെയ്ത 'നഴ്സസ് ആൻഡ് മിഡ്വൈവ്സ് ആക്റ്റ്, 1953' പ്രകാരം നഴ്സ് ആയും മിഡ്വൈഫ് ആയും സേവനം അനുഷ്ഠിക്കാൻ അനുമതി ലഭിച്ച സർട്ടിഫിക്കറ്റ് റെജി : നമ്പർ KL02201801519 (dated 2018 ഓഗസ്റ്റ് 4). ഈ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 2023 ഓഗസ്റ്റ് 4ന് പുതുക്കിയിട്ടുള്ളതും, 2028 ഓഗസ്റ്റ് 3 വരെ സാധുതയുള്ളതുമാണ്. ഈ സർട്ടിഫിക്കറ്റ് പുൽപ്പള്ളി–ബത്തേരി യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു പോയിരിക്കുന്നു. ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് മുഖേന അപേക്ഷ നൽകുന്നു. ആയതിൽ ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ രേഖാമൂലം നൽകാവുന്നതാണ്. CHINCHU MT
Kochuparambil (h)
**C